## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 115** **27.06. 2011-ൽ മറുപടിക്ക്.**

### തടവുകാരെ മോചിതരാക്കാനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ജയിലുകളിൽ തടവിൽ കഴിഞ്ഞുവരുന്നവരിൽ മാരകരോഗങ്ങൾ ഉള്ളവരെ ജയിൽ മോചിതരാക്കാൻ ആലോചിക്കുന്നുണ്ടോ ; | : (എ) ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) ഇപ്പോൾ മാരകരോഗങ്ങൾ കൊണ്ട് വലയുന്ന എത്ര പേർ വിവിധ ജയിലുകളിൽ കഴിയുന്നുണ്ട് ; ഇങ്ങനെയുള്ളവർക്ക് പരോൾ നൽകിവരുന്നുണ്ടോ ; | : (ബി) പത്തൊൻപതുപേർ ; ഇങ്ങനെയുള്ളവരിൽ ഏഴുപേർക്ക് പരോൾ നൽകിവരുന്നു. |
| (സി) എന്തെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് ഇത്തരത്തിലുള്ളവരെ ജയിൽ മോചിതരാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ; | : (സി) ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 161, ക്രിമിനൽ നിയമസംഹിത സെക്ഷൻ 432, കേരള പ്രിസൺ റൂൾസ് 538, 539 എന്നിവ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി ഇത്തരത്തിലുള്ളവരെ മോചിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. |

(മറുപുറം)

| | |
|---|---|
| (ഡി) പുതിയ മാനദണ്ഡങ്ങൾ ഉണ്ടാക്കാൻ ഇടയായ സാഹചര്യം എന്തായിരുന്നു ; ജയിൽ മേധാവി ഇത് സംബന്ധിച്ച് നൽകിയ ശുപാർശ എന്താണെന്ന് വ്യക്തമാക്കാമോ ; | : (ഡി) & (ഇ) പുതുതായി മാനദണ്ഡങ്ങൾ ഉണ്ടാക്കിയിട്ടില്ല. |
| (ഇ) എത്ര വയസ്സിന് മുകളിലുള്ള തടവുകാരെയാണ് ജയിൽ മോചിതരാക്കാൻ ഉദ്ദേശിക്കുന്നതെന്നും വയസ്സ് നിജപ്പെടുത്തിയത് ഏത് മാനദണ്ഡത്തിലാണെന്നും വിശദമാക്കാമോ ; | |
| (എഫ്) തിരുവനന്തപുരം സെൻട്രൽ ജയിലിൽ 75 വയസ്സിൽ കൂടുതലുള്ള എത്ര തടവുകാരുണ്ട് ; ഇതിൽ എത്ര പേർക്ക് 45 ദിവസത്തിൽ കൂടുതൽ പരോൾ ഈ വർഷം അനുവദിക്കുകയുണ്ടായി ? | : (എഫ്) അഞ്ച് ; 45 ദിവസത്തിൽ കൂടുതൽ പരോൾ ആർക്കും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ